₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L L I F E V O I C E

Monthly

Volume 11
Issue 4

**October 2022**

pages 24

"കോപവും വാഗ്വാദവും കൂടാതെ എല്ലായിടത്തും പുരുഷന്മാർ തങ്ങളുടെ നിർമ്മലകരങ്ങൾ ഉയർത്തി പ്രാർഥിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ ശാലീനവും മാന്യവുമായ വസ്ത്രധാരണംകൊണ്ട് സ്ത്രീകൾ തങ്ങളെ അലങ്കരിക്കണം. പിന്നിയ മുടി, പൊന്ന്, മുത്ത്, വിലയേറിയ വസ്ത്രം ഇവകൊണ്ടല്ല"

**(1 തിമൊഥെയൊസ് 2:8-9)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# REAL LIFE VOICE

Volume 11 Issue 4 October 2022 pages 24 Rs.5/



**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in



**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


**Book No. 130**

## ഉള്ളടക്കം


| | പേജ് |
|---|---|
| • നാക് അക്രെഡിറ്റേഷൻ | 3 |
| • പ്രതികരണങ്ങൾ | 7 |
| • ദൈവത്തിന്റെ വിശ്വസ്തത (6) | 8 |
| • ഭീരുത്വത്തിന്റെ അക്രമസ്വഭാവം | 11 |
| • റോമർ 16ലെ ദൈവമക്കൾ (3) | 14 |
| • ഹബക്കൂക് (8) | 17 |
| • ചോദ്യവും ഉത്തരവും (31) | 20 |
| • ഇമ്മാനുവിന്റെ സംശയങ്ങൾ (38) | 22 |
| • വരൂ, കടി ഫ്രീ | 24 |


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# നാക് അക്രെഡിറ്റേഷൻ

### *കൈക്കൂലിയും കള്ളക്കണക്കും കൈ കോർക്കുമോ!*

നമ്മുടെ രാജ്യത്തെ കോളേജുകളും യൂണിവേഴ്സിറ്റികളുമെല്ലാം നാക് അക്രെഡിറ്റേഷനുവേണ്ടി പരക്കം പായുന്നു; കുറെ സ്ഥാപനങ്ങൾക്കെല്ലാം അത് ലഭിച്ചുകഴിഞ്ഞു. രണ്ടും മൂന്നും തവണ നാക് സർട്ടിഫിക്കറ്റ് ലഭിച്ചവരുമുണ്ട്. കൈക്കൂലിയും കള്ളക്കണക്കും കൈകോർക്കാൻ വേണ്ടുവോളം അവസരമുള്ള ഒരു മേഖലയാണിത്. കോളേജുകളും യൂണിവേഴ്സിറ്റികളുമെല്ലാം അത്യധികം സമ്മർദ്ദത്തിലാവുകയും ജോലിഭാരത്താൽ വലഞ്ഞുപോവുകയും ചെയ്യുന്നു എന്നൊരു ആരോപണവും ഇതോടുള്ള ബന്ധത്തിൽ ഉണ്ട്.

**എന്താണ് നാക്?**

നാക് (NAAC - National Assessment and Accreditation Council) എന്ന സ്വതന്ത്രസ്ഥാപനം യൂജിസിയുടെ കീഴിൽ പ്രവർത്തിക്കുന്നു, 1994–ലാണ് ഇത് രൂപം കൊണ്ടത്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നു. കോളേജുകളുടെയും യൂണിവേഴ്സിറ്റികളുടെയും പ്രവർത്തനങ്ങളെ വിലയിരുത്തി, നിലവാരം നിശ്ചയിച്ച്, ഗ്രേഡ് കൊടുക്കുന്ന ജോലിയാണ് ഇവർക്കുള്ളത്. ഏറ്റവും കുറഞ്ഞ ഗ്രേഡ് C യും ഏറ്റവും കൂടിയ ഗ്രേഡ് A++ ഉം ആണ്.

**സ്ഥാപനങ്ങൾ ചെയ്യേണ്ടത് എന്തെല്ലാം?**

ബയോഗ്യാസ് പ്ലാന്റ്, സോളാർപാനൽ, ലിഫ്റ്റ്, സിക് റൂം, അന്ധവിദ്യാർത്ഥികളുണ്ടെങ്കിലും ഇല്ലെങ്കിലും അവർക്കു വേണ്ട സൗകര്യങ്ങൾ, അംഗവൈകല്യമുള്ളവരുണ്ടെങ്കിലും ഇല്ലെങ്കിലും അവർക്കുവേണ്ട സൗകര്യങ്ങൾ, വിശാലമായ ഗ്രൗണ്ട്, ലൈബ്രറി, സ്മാർട്ട് ക്ലാസ്സ്മുറികൾ... എന്നിങ്ങനെ പല കാര്യങ്ങളും ഉണ്ടായിരിക്കണം. സ്വാശ്രയകോളേജുകളെ സംബന്ധിച്ചിടത്തോളം അവയുടെ മാനേജ്മെന്റുകൾക്ക് ലക്ഷങ്ങൾ ചെലവിടേണ്ട അവസ്ഥയാണ് ഉള്ളത്. 500 ൽ താഴെ മാത്രം കുട്ടികളാണ് പല സ്വാശ്രയകോളേജുകളിലും ഉള്ളത്. 300 ൽ താഴെ കുട്ടികളുള്ളവയും ഉണ്ട്.

യൂണിവേഴ്സിറ്റി നിർദ്ദേശിച്ച ഫീസ് മാത്രമാണ് കുട്ടികളിൽനിന്നു വാങ്ങിക്കാൻ കഴിയുകയുള്ളൂ. ആ ഫീസിന്റെ പരിധിയിൽനിന്നുകൊണ്ട് ഇത്ര വലിയ തുക മുടക്കാൻ പല മാനേജ്മെന്റുകളും പെടാപാട് പെടുന്ന സ്ഥിതിയാണുള്ളത്. കുട്ടികളിൽനിന്നും മറ്റെന്തെങ്കിലും പേര് പറഞ്ഞ് കൂടുതൽ ഫീസ് ഈടാക്കാൻ തുടങ്ങിയാൽ അത് കുട്ടികൾക്കും അവരുടെ വീട്ടുകാർക്കും ഭാരമാവുകയും ചെയ്യും.

### നൂറോളം ഫയലുകൾ

ഏഴു മാനദണ്ഡങ്ങളിലായി ഏകദേശം 100 ഫയലുകൾ തയ്യാറാക്കണം. ഈ ഫയലുകൾ തയ്യാറാക്കുന്നത് അതികഠിനമായ ജോലി തന്നെയാണ്. ക്ലാസ്സുകൾ എടുക്കുന്ന അദ്ധ്യാപകർ തന്നെ ഈ ഫയലുകൾ തയ്യാറാക്കാൻ സമയം കണ്ടെത്തണം. ഇങ്ങനെ തയ്യാറാക്കുന്ന ഫയലുകളിൽ എത്രത്തോളം സത്യസന്ധത പുലർത്താൻ കഴിയുമെന്നത് ഒരു ചോദ്യചിഹ്നമാണ്. അദ്ധ്യാപനം, ഇന്റേണൽ പരീക്ഷയും അതിന്റെ മൂല്യനിർണ്ണയവും, യൂണിവേഴ്സിറ്റിപരീക്ഷകളും അതിന്റെ മൂല്യനിർണ്ണയവും, സ്പോർട്സ് പോലുള്ള പ്രവർത്തനങ്ങൾ ഇതിനെല്ലാം സമയം കണ്ടെത്തുന്നതിനു പുറമെ ഈ ഫയലുകളെല്ലാം തയ്യാറാക്കുന്ന ജോലി കൂടി അദ്ധ്യാപകർ ചെയ്യേണ്ടിവരുന്നത് അവരുടെ ജീവിതത്തെ ദുരിതത്തിലാക്കുന്നു.

### വിദ്യാർത്ഥികളെ 'കയ്യയഞ്ഞ്' സഹായിക്കണം

കോളേജിന്റെ വിജയശതമാനം ഗ്രേഡിങ്ങിൽ വളരെ പ്രധാനപ്പെട്ടതായതുകൊണ്ട്, സ്വാഭാവികമായും വിജയശതമാനം ഉയർത്താൻ കോളേജുകൾ ശ്രമിക്കും. അർഹിക്കുന്നതിനേക്കാൾ കൂടുതൽ ഇന്റേണൽ മാർക്ക് കുട്ടികൾക്ക് കൊടുക്കുവാനും പരീക്ഷകളിൽ കോപ്പിയടി കണ്ടില്ലെന്നു നടിക്കാനും, വേണ്ടിവന്നാൽ കുട്ടികൾക്ക് ഉത്തരങ്ങൾ പറഞ്ഞുകൊടുത്ത് സഹായിക്കാനും ഉള്ള പ്രലോഭനങ്ങൾക്ക് സാധ്യത വളരെയേറെയാണ്. കോളേജ് സന്ദർശിക്കുന്ന 'നാക് ടീം' വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തും. ആ സമയത്ത് കോളേജിലെ ആരും അവിടെയുണ്ടാകാൻ പാടില്ല. ഇങ്ങനെയുള്ള ആശയവിനിമയസമയത്ത് കുട്ടികളുടെ ഭാഗത്തുനിന്നും നെഗറ്റീവ് കമന്റുകൾ വരാതിരിക്കണമെങ്കിൽ അവരെ പിണക്കാതെ നോക്കണം. എന്നുവച്ചാൽ കുട്ടികളെ അവരുടെ ഇഷ്ടത്തിനനുസരിച്ച് സ്വതന്ത്രമായി വിഹരിക്കാൻ അനുവദിക്കണമെന്നു സാരം.

### അലംനായ് അസ്സോസ്സിയേഷൻ

പൂർവ്വവിദ്യാർത്ഥിസംഘടന (Alumni Association) രജിസ്റ്റർ ചെയ്യണം. അവരിൽനിന്നും നിശ്ചിത തുക പിരിക്കണം. കോളേജ്‌വിദ്യാഭ്യാസം പൂർത്തിയാക്കി പോയ കുട്ടികളുടെ പിന്നാലെ, അവരുടെ സഹായത്തിനും

സഹകരണത്തിനുമായി തുടർച്ചയായി മുട്ടിക്കൊണ്ടിരിക്കണം. അവരെല്ലാം മറ്റു മേഖലകളിൽ സജീവമായിക്കഴിഞ്ഞിരിക്കും. പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന അവരെ ഏകോപിക്കുന്നതും സജീവമായി നിലനിർത്തുന്നതും വളരെ ശ്രമകരമാണ്. പ്രത്യേകിച്ചും ജോലിഭാരം കൂടുതലുള്ള സെൽഫ് ഫിനാൻസ് കോളേജുകളിൽ.

സ്ഥാപനത്തിൽ പഠിച്ചുപോയ കുട്ടികൾ അതിനുശേഷം എന്തു ചെയ്യുന്നു എന്ന് അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കണം. മാത്രമല്ല അതിന് മതിയായ തെളിവ് ഹാജരാക്കുകയും വേണം. ജോലി ചെയ്യുകയാണെങ്കിൽ അവിടത്തെ അപ്പോയിന്റ്മെന്റ് ലെറ്റർ അല്ലെങ്കിൽ ഐഡന്റിറ്റി കാർഡ് എന്നിങ്ങനെ തെളിവ് വേണം. ഇതൊന്നും തരാൻ പലരും തയ്യാറാവുകയില്ല; ചോദിച്ച് ചോദിച്ച് പിന്നാലെ നടക്കണം.

**കനത്ത ഫീസ്**

നാകിന്റെ ടീം വരുന്നതിന് കോളേജുകൾ രണ്ടുലക്ഷത്തിനുമുകളിൽ അപേക്ഷാഫീസായി കെട്ടണം. (1,85,000/- + GST 18%). അതും പോരാഞ്ഞ്, നാക് ടീമിന്റെ ചെലവായി ഏകദേശം രണ്ടുലക്ഷം പിന്നെയും മുടക്കണം (1,50,000/- + GST 18%). മൂന്നു പേരടങ്ങുന്ന ടീമാണ് വിസിറ്റിന് വരുന്നത്. അവർക്ക് ഓരോരുത്തർക്കും ഓരോ കാർ വീതം, ഓരോ ഡ്രൈവർ വീതം, താമസിക്കാനായി മുന്തിയ ഹോട്ടലിൽ റൂം, അവർ കോളേജിലേക്ക് വരുമ്പോൾ ലക്ഷങ്ങൾ മുടക്കിക്കൊണ്ടുള്ള ഹൃദ്യമായ വരവേല്പ്.... മാനേജ്മെന്റിനെ കുത്തുപാള എടുപ്പിക്കുംവിധമുള്ള കാര്യങ്ങളാണ് ഇതെല്ലാം. നാകിന്റെ അക്രെഡിറ്റേഷൻ കിട്ടിയ കോളേജുകളുടെ നാക് വിസിറ്റിന്റെ വീഡിയോകൾ യൂട്യൂബിൽ ലഭ്യമാണ്. ഉയർന്ന ഗ്രേഡ് കിട്ടിയ കോളേജുകൾ കാട്ടിക്കൂട്ടിയിരിക്കുന്നത് കണ്ടാൽ നാം അന്തംവിട്ടുപോകും.

**അഞ്ചുകൊല്ലത്തേക്ക് മാത്രം**

നാകിന്റെ ഗ്രേഡ് ഓരോ അഞ്ചുകൊല്ലവും പുതുക്കണം. അതായത് യാതൊരു വിശ്രമവും മാനേജ്മെന്റിനോ സ്റ്റാഫുകൾക്കോ ഇല്ലായെന്നർത്ഥം. ഒരിക്കൽ ഗ്രേഡ് കിട്ടിക്കഴിഞ്ഞാൽ വീണ്ടും അടുത്ത 100 ഫയലുകൾ തയ്യാറാക്കണം. സർക്കാർ/എയ്ഡഡ് കോളേജുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് മാസശമ്പളമായി തൊണ്ണൂറായിരമോ രണ്ടുലക്ഷമോ കിട്ടുന്നുണ്ട്; പക്ഷേ സെൽഫ് ഫിനാൻസ് കോളേജുകളിൽ തുച്ഛമായ ശമ്പളത്തിനാണ് മിക്ക അദ്ധ്യാപകരും പണിയെടുക്കുന്നത്. കൂട്ടത്തിൽ അവരുടെ ജീവിതത്തെ ദുരിതക്കയത്തിലാക്കാൻ ഒരു നാകും അതിന്റെ അക്രെഡിറ്റേഷനും! പണ്ടേ ദുർബല, ഇപ്പൊ ദേ ഗർഭിണിയും! എന്ന നിലയിൽ അദ്ധ്യാപകരുടെ അവസ്ഥ എത്തുന്നു.

**'ഭീഷണി'യും പ്രലോഭനവും**

നാകിന്റെ അക്രഡിറ്റേഷൻ ഉണ്ടെങ്കിലേ കോളേജുകൾക്ക് തുടർന്ന് പുതിയ കോഴ്സുകൾ അനുവദിക്കൂ എന്നൊരു ഭീഷണി ഉള്ളതിനാലും, ലക്ഷക്കണക്കിനു രൂപയുടെ ഗ്രാന്റ് ലഭ്യമാകും എന്നൊരു പ്രലോഭനം ഉള്ളതിനാലും എല്ലാ യൂണിവേഴ്സിറ്റികളും കോളേജുകളും നാകിന്റെ പിന്നാലെയാണ്. സെൽഫ് ഫിനാൻസ് കോളേജുകളുടെ കാര്യമാണ് കഷ്ടം. സ്വന്തം നിലനിൽപ് അപകടത്തിലാവുമെന്ന് ഭയന്ന് അവരും കോടികൾ മുടക്കി നാകിന്റെ അംഗീകാരത്തിന് ഓടുന്നു. ഓരോ കോളേജിലും ഇതിനു വേണ്ടി നിയമിക്കപ്പെടുന്ന അദ്ധ്യാപകന്റെ സ്ഥാനപ്പേര് IQAC Coordinator എന്നാണ്. "മുജ്ജന്മത്തിൽ ഏതോ മുട്ടൻപാപം ചെയ്തിട്ടുള്ളതുകൊണ്ടാണ് ഞാൻ ഐക്യുഎസി കോഡിനേറ്റർ ആയത്" എന്നാണ് ഒരു പാവം കോഡിനേറ്റർ എന്നോടു പറഞ്ഞത്.

**ഗുണനിലവാരം ഉയർത്താൻ**

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്താൻ വേണ്ടിയാണ് ഇതെന്നാണ് പൊതുവെയുള്ള വാദം. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തപ്പെടേണ്ടത് അത്യാവശ്യം തന്നെയാണ്. അതിന് അദ്ധ്യാപകരെ ഇത്രമാത്രം കഷ്ടപ്പെടുത്തേണ്ട ആവശ്യമുണ്ടോ? മാനേജ്മെന്റിനെക്കൊണ്ട് ഇത്രയധികം രൂപ ചെലവാക്കിപ്പിക്കേണ്ടതുണ്ടോ? മാനദണ്ഡങ്ങൾ കുറച്ചുകൂടി ലളിതമാക്കിക്കൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്താൻ കഴിയില്ലേ?

ഇവിടെ ഏറ്റവുമധികം ദുരിതം സെൽഫ് ഫിനാൻസ് കോളേജുകളിലെ അദ്ധ്യാപകർക്കാണ്. ബാക്കിയുള്ളവർക്ക് ദുരിതമില്ലെന്നല്ല; താരതമേന ഉയർന്ന ശമ്പളം ലഭിക്കുന്നു എന്നെങ്കിലും അവർക്ക് ആശ്വസിക്കാവുന്നതാണ്. സെൽഫ് ഫിനാൻസ് കോളേജുകൾക്ക് ഉയർന്ന ഗ്രേഡ് 'നാക്' പൊതുവെ കൊടുക്കാറുമില്ല. കഷ്ടപ്പെട്ടും, ഓടിനടന്നും, ലക്ഷക്കണക്കിനു രൂപ ചെലവാക്കിയും നടത്തുന്ന ഈ ഗ്രേഡിംങ് വെറുമൊരു പ്രഹസനമായി മാറാതെ നോക്കുവാൻ യൂജിസിക്ക് ഉത്തരവാദിത്തമുണ്ട്.

മറ്റുള്ളവരുടെ ഗുണനിലവാരം ഉയർത്താൻ നടക്കുന്നവർ ആദ്യം സ്വന്തം ഗുണനിലവാരം തൂക്കിനോക്കണമല്ലോ. ഈ ഗ്രേഡിങ്ങിനെക്കുറിച്ച് കോളേജുകളുടെ അഭിപ്രായം അറിയാൻ ദയവായി യൂജിസി ശ്രമിക്കണം. അഴിമതിയും കോഴയും കള്ളക്കണക്കും എത്രത്തോളം വരുമെന്നു ഒന്നു ഊഹിക്കയെങ്കിലും വേണം.

**എം.വി.എസ്.**

*(Ref: My own experience as an IQAC Coordinator; My interviews with several IQAC Coordinators; Manual prepared by NAAC; videos on NAAC visit)*

# പ്രതികരണങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.

ഫോൺ: 95 44 557 557

## Kuttappan K K, Arivilamchal, Idukki

ആഗസ്റ്റ് മാസത്തിലെ റിയൽ ലൈഫ് വോയ്സ് വായിച്ചു. സുവിശേഷകൻ ഡോ. റ്റി. എ. കുര്യനെ, അദ്ദേഹത്തിന്റെ ചെറുപ്പത്തിൽ അദ്ദേഹം വായിക്കാൻ പഠിച്ച കാലം മുതൽ അപ്പനും അമ്മയും ബൈബിൾ വായിക്കാൻ പ്രേരിപ്പിച്ചു. എല്ലാ വിശ്വാസികളും ഈ മാതൃക സ്വീകരിച്ചിരുന്നെങ്കിൽ എത്ര നല്ലത്!..... ദൈവമക്കളുടെ ശവശരീരത്തിൽ ചില സമുദായചിന്തകരുടെ ഇടപെടലുകൾ മൂലം എഡിറ്ററുടെ മനസ്സിലുണ്ടായ രോഷവും വിഷമവും വായനക്കാർക്കും ഉണ്ടായിട്ടുണ്ട് *(ശവത്തിനുമുണ്ട് അവകാശം).*

## Kurian Mathew, Kakkanad, Kochi

സെപ്റ്റംബറിലെ മാസിക ലഭിച്ചു. മാതാപിതാക്കളുടെയും കുട്ടികളുടെയും അദ്ധ്യാപകരുടെയും കണ്ണ് തുറപ്പിക്കുന്നതാണ് എഡിറ്റോറിയൽ. അക്വീലാ-പ്രിസ്കില്ലായെക്കുറിച്ചുള്ള പഠനം വളരെ ആകർഷണീയമായിരുന്നു. ദൈവം നമുക്ക് നൽകുന്ന സംരക്ഷണത്തെക്കുറിച്ച് ഹബക്കൂകിന്റെ പഠനത്തിൽനിന്നും വ്യക്തമാകുന്നു. ഇന്നത്തെ സാഹചര്യത്തിൽ മാസികയിലെ എല്ലാ ലേഖനങ്ങളും കാലികപ്രസക്തിയുള്ളവയാണ്. ❍

130

ഈ ലക്കം *റിയൽ ലൈഫ് വോയ്സിന്റെ* 130-ാം ലക്കമാണ്. കഴിഞ്ഞ 130 മാസങ്ങളിൽ, ഒരു മാസം പോലും മുടങ്ങാതെ, ഈ മാസിക പ്രസിദ്ധീകരിക്കുവാൻ സ്നേഹവാനായ ദൈവം ഞങ്ങളെ പ്രാപ്തരാക്കിയതോർത്ത് ദൈവത്തിനു സ്തോത്രം ചെയ്യുന്നു. (എഡിറ്റർ)

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

**സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം**

**Prof. T. John Mathew**

പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

6

റ്റി. എ. കുര്യൻ (കുഞ്ഞച്ചൻ)

**ഭാര്യ:**

മറിയാമ്മ കുര്യൻ

**പിതാവ്:**

റ്റി. കെ. എബ്രഹാം (അവറാച്ചൻ)

**മാതാവ്:**

അന്നമ്മ

### ഒരു മിഷനറി ആകാനുള്ള ദർശനം

### (ദൃഢനിശ്ചയത്തെ ശക്തിപ്പെടുത്തൽ)

കർത്താവിന്റെ യഥാർത്ഥ ദാസനാകാനുള്ള കുഞ്ഞച്ചന്റെ ഉള്ളിലുള്ള ദൃഢനിശ്ചയം കുടുംബത്തിലെ അംഗങ്ങളുടെ പെരുമാറ്റവും പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി എന്നത് ശ്രദ്ധേയമാണ് - പ്രത്യേകിച്ച് മൂന്ന് വ്യക്തികൾ: അവന്റെ അമ്മ അന്നമ്മ, അങ്കിളിന്റെ ഭാര്യ റെയ്ച്ചൽ ജോൺ, അവന്റെ മുത്തശ്ശി മറിയാമ്മ കുര്യൻ.

*(റെയ്ച്ചൽ ജോൺ ലേഖകന്റെ അമ്മയും, മധുരയിലെ എം. ഈ. ചെറിയാന്റെ ഏറ്റവും ഇളയ അമ്മായിയുമാണ്)*

**ഡോ. റ്റി. എ. കുര്യൻ**

**(1920–2007)**

**50–തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.

**(എഡിറ്റർ)**

ഇവരുടെയെല്ലാം പെരുമാറ്റത്തിൽ അവൻ നിരീക്ഷിച്ചത് എന്തെന്നാൽ മറ്റൊരു വ്യക്തിയുമായി അവർക്ക് സംസാരിക്കാൻ ഒരു അവസരം ലഭിക്കുമ്പോഴെല്ലാം, അവർ അവന്റെ ആത്മീയാവസ്ഥയെക്കുറിച്ച് സൗഹാർദ്ദപരമായി അന്വേഷിക്കുകയും, അവനെ ആത്മീയമായി ശക്തിപ്പെടുത്തുന്ന രീതിയിൽ എന്തെങ്കിലും സംസാരിക്കുകയോ, യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കാൻ അവനെ പ്രേരിപ്പിക്കുകയോ ചെയ്യുമായിരുന്നു. യേശുവിന്റെ സാക്ഷികളാകാൻ അവർ കാണിച്ച ധീരത കുഞ്ഞച്ചന് (റ്റി. എ. കുര്യന്) വളരെയധികം പ്രചോദനം നൽകി.

റ്റി. എ. കുര്യൻ 1971 ൽ എഴുതി പ്രസിദ്ധീകരിച്ച സ്വന്തം അമ്മയുടെ ജീവചരിത്രത്തിൽ (*ഞാൻ എങ്ങനെ മറക്കും*) മേൽപറഞ്ഞ വസ്തുത പരാമർശിച്ചിട്ടുണ്ട്. എഴുമറ്റൂരിനും കീഴ്‌വായ്പൂരിനും ചുറ്റുമുള്ള വലിയ പ്രദേശത്ത് ഈ മൂന്നു വ്യക്തികൾ ഭവനസന്ദർശനം നടത്തിയും വ്യക്തിപരമായി സുവിശേഷം അറിയിച്ചും തികച്ചും മാതൃകാപരമായ പെരുമാറ്റത്തിലൂടെ കർത്താവിനെ സാക്ഷിച്ചതിന്റെ വിശദാംശങ്ങൾ ഈ പുസ്തകത്തിൽ അദ്ദേഹം കൊടുത്തിട്ടുണ്ട്. അവർ കാണിച്ച മാതൃക പിന്തുടർന്നുകൊണ്ട് സുവിശേഷകൻ റ്റി. എ. കുര്യൻ സുവിശേഷീകരണത്തിന്റെ ആദ്യപടിയായി ഒരു പ്രദേശത്തെ മുഴുവൻ വീടുകളിലും സുവിശേഷം എത്തിച്ചു.

കൃഷിപ്പണി ഉണ്ടായിരുന്നിട്ടും അദ്ദേഹത്തിന്റെ അപ്പനും അങ്കിളും വളരെ ഉത്സാഹത്തോടെ സുവിശേഷവേലയ്ക്കായി സമയം ചെലവഴിക്കുകയും അവരുടെ വീട്ടിൽനിന്നും വളരെ അകലെയുള്ള സ്ഥലങ്ങളിലെ യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്യുമായിരുന്നു. കഠിനാദ്ധ്വാനിയായ മിഷനറിയാകാൻ റ്റി. എ. കുര്യനെ പ്രേരിപ്പിച്ച മറ്റൊരു ഘടകം ഇതായിരിക്കാം. ഒരു പകൽ മുഴുവൻ വയലിൽ കഠിനാദ്ധ്വാനം ചെയ്തതിനുശേഷം, അതിന്റെ ക്ഷീണം ഒട്ടും തോന്നാതെ, വൈകുന്നേരങ്ങളിൽ പ്രാർത്ഥനായോഗങ്ങളിൽ പങ്കെടുക്കാനായി വീടുകളിൽ പോകാൻ തന്റെ പിതാവ് കാണിച്ച സന്നദ്ധത, കർത്താവിനെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു ദൈവപൈതൽ എന്തുമാത്രം കഠിനാദ്ധ്വാനം ചെയ്യുമെന്നു അവനെ പഠിപ്പിച്ചു.

വിദ്യാർത്ഥിയായിരിക്കെ കുഞ്ഞച്ചൻ കഠിനാദ്ധ്വാനം ചെയ്തത് ഒരു മിഷനറി ആയിത്തീരാനുള്ള പരോക്ഷമായ ലക്ഷ്യത്തോടെയാണ്. ഒരു നല്ല മിഷനറിക്ക് ഭാഷയിൽ നല്ല പരിജ്ഞാനം ഉണ്ടായിരിക്കണമെന്നു അദ്ദേഹത്തിന് അറിയാമായിരുന്നു; അതില്ലാതെ ഒരു മിഷനറി എന്ന നിലയിൽ വിജയിക്കാൻ കഴിയില്ലെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് സ്കൂളിൽ പഠിക്കുമ്പോൾ മലയാളവും ഇംഗ്ലീഷും പഠിക്കു

ന്നതിന് അദ്ദേഹം വലിയ പ്രാധാന്യം കൊടുത്തു. അക്കാലത്ത് പ്രൈമറി സ്കൂളിൽ അദ്ധ്യാപകനായി നിയമനം ലഭിക്കാൻ ഏഴാം ക്ലാസ്സും അദ്ധ്യാപകപരിശീലന പരീക്ഷയും വിജയിച്ചാൽ മതിയായിരുന്നു. 1940-ൽ അദ്ധ്യാപകപരിശീലനപരീക്ഷ പാസ്സായതിനുശേഷം ചില സ്കൂളുകളിലെ താത്കാലിക ഒഴിവുകളിൽ അദ്ധ്യാപകനായി അദ്ദേഹം നിയമിക്കപ്പെട്ടു.

അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുന്നതിനിടയിൽ അദ്ദേഹം സാഹിത്യ വിശാരദ് പരീക്ഷയെഴുതി വിജയിച്ചു. അങ്ങനെ ഹൈസ്കൂളിൽ പഠിപ്പിക്കാനുള്ള യോഗ്യത അദ്ദേഹം നേടി. തുടർന്ന്, വീട്ടിൽ നിന്ന് അധികം ദൂരെയല്ലാത്ത മല്ലപ്പള്ളി സി.എം.എസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി നിയമനം ലഭിച്ചു. ഈ ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുമ്പോഴാണ് അദ്ദേഹം 1945-ൽ ജോലി രാജിവച്ച് മിഷനറിയായി നാഗ്പൂരിലേക്ക് പോകുന്നത്.

**(തുടരും)**

## റിയൽ ലൈഫ് വോയ്സ്ഃ ലക്ഷ്യവും നയവും

**ലക്ഷ്യം** ഃ സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** ഃ ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. വായനക്കാർക്ക് അവ പരിശോധിച്ച്, യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖനങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം.

**(എഡിറ്റർ)**

**ENGLISH BIBLE FREE FOR ALL**

**ആവശ്യപ്പെടുന്ന എല്ലാവർക്കും ബൈബിൾ അയക്കുന്നു.**

Edenthottom, (ഏദെൻതോട്ടം)
Chowannur, Thrissur - 680 517

Phone: 93 88 43 20 92

# ഭീരുത്വത്തിന്റെ അക്രമസ്വഭാവം

**കെ. ആർ. ജോസ്, തൃശ്ശൂർ**

*ജീവധ്വനി മാസികയുടെ എഡിറ്ററായ ബ്രദർ കെ. ആർ. ജോസ് (ഏവരുടെയും പ്രിയങ്കരനായ ജോസേട്ടൻ), എഴുതിയ 100 എഡിറ്റോറിയലുകളുടെ സമാഹാരമായ 'കവിഞ്ഞൊഴുക്ക്' എന്ന പുസ്തകം, ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ തൃശ്ശൂർ റീജനൽ തിയറ്ററിൽ വച്ച് 2022 സെപ്റ്റംബർ 2-ാം തീയതി പ്രകാശനം ചെയ്യുകയുണ്ടായി.*

*ക്രൈസ്തവസാഹിത്യ അക്കാദമിയുടെ പ്രസിഡണ്ട് ടോണി ഡി ചെവ്വൂക്കാരൻ നേതൃത്വം കൊടുത്ത ചടങ്ങിൽ ഗുഡ്ന്യൂസ് ചീഫ് എഡിറ്റർ സി. വി. മാത്യുവിൽനിന്ന് ജീവധ്വനിയുടെ അസ്സോസിയേറ്റ് എഡിറ്റർ സി. ജെ. വർഗ്ഗീസ് ആദ്യപ്രതി ഏറ്റുവാങ്ങി. മികച്ച എഴുത്തുകാരനുള്ള അക്കാദമിയുടെ അവാർഡ്, അരനൂറ്റാണ്ടിലേറെയായി എഴുത്തുമേഖലയിൽ സജീവമായി നിലകൊള്ളുന്ന കെ.ആർ.ജോസിന് വൈസ്പ്രസിഡണ്ട് പാസ്റ്റർ ബാബു ജോർജ്ജ് പത്തനാപുരം സമർപ്പിച്ചു. കേരളത്തിലെ ക്രൈസ്തവ കലാകാരന്മാർ പങ്കെടുത്ത സംഗീതവിരുന്നും ഉണ്ടായിരുന്നു.*

*എൺപത് വയസ്സ് പിന്നിട്ട ജോസേട്ടന്റെ തൂലികയിൽനിന്നും ഇനിയും ഈടുറ്റ ലേഖനങ്ങൾ പിറവിയെടുക്കട്ടെ എന്ന ആശംസയാണ് ക്രൈസ്തവസാഹിത്യലോകത്തിനുള്ളത്. കവിഞ്ഞൊഴുക്ക് എന്ന ലേഖനസമാഹാരത്തിൽനിന്നും ഒരു ലേഖനം വായനക്കാർക്കായി ഇവിടെ കൊടുക്കുന്നു.*

## ഭീരുത്വത്തിന്റെ അക്രമസ്വഭാവം

എല്ലാ മതങ്ങളെയും ഉൾക്കൊള്ളാനും എല്ലാ ദേവന്മാരെയും ദൈവങ്ങളായി അംഗീകരിക്കാനും ഹിന്ദുമതത്തിന് കഴിയും എന്നാണ് അവർ ഊറ്റം കൊള്ളുന്നത്. എന്നാൽ ഭാരതത്തിൽ നാലു ശതമാനത്തിനു താഴെ മാത്രം വരുന്ന ക്രിസ്തുമാർഗ്ഗത്തെ അവരിൽ പലരും ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്നു. അടിച്ചമർത്താൻ ശ്രമിക്കുന്നു. അതിനായി അക്രമം അഴിച്ചുവിടുന്നു. എൺപത് ശതമാനത്തിലേറെ ഉള്ളവരാണെന്നു അവകാശപ്പെടുന്നവർ നാല് ശതമാനത്തിനു താഴെയുള്ളവരെ ഭയപ്പെടുന്നതെന്തിന്! പ്രാപ്പിടിയന്മാർ പ്രാക്കളെ ഭയപ്പെടുന്നു!

സ്നേഹത്തിന്റെയും സഹനത്തിന്റെയും സഹിഷ്ണുതയുടെയും മാർഗ്ഗമാണ് ക്രിസ്തുമാർഗ്ഗം. ക്രിസ്തുവിലൂടെ മാത്രമേ മനുഷ്യവർഗ്ഗത്തിനു രക്ഷയുള്ളൂ എന്നു ഉറക്കെ പ്രഖ്യാപിക്കുമ്പോൾത്തന്നെ മറ്റു മതക്കാരെ ആക്രമിക്കുകയോ അടിച്ചമർത്തുകയോ ചെയ്യുന്നില്ല. സ്നേഹത്തിന്റെയും ദയയുടെയും കാരുണ്യപ്രവർത്തനങ്ങൾകൊണ്ടും സത്യവചനങ്ങളുടെ ആശയപ്രചാരണംകൊണ്ടും ക്രിസ്തുമാർഗ്ഗത്തെ ആകർഷണീയമാക്കുക യാണ് ചെയ്യുന്നത്.

ക്രിസ്തീയരാജ്യങ്ങളായ അമേരിക്കയിലും ഇംഗ്ലണ്ടിലും മറ്റു യൂറോ പ്യൻ രാജ്യങ്ങളിലും എല്ലാ മതക്കാർക്കും ആരാധിക്കുന്നതിനും തങ്ങളുടെ വിശ്വാസം പ്രചരിപ്പിക്കുന്നതിനും ആരാധനാമന്ദിരങ്ങൾ പണിയുന്നതിനും തികഞ്ഞ സ്വാതന്ത്ര്യമുണ്ട്. ഇത് ഭരണഘടനയിൽ മാത്രമല്ല, ഭരണതല ത്തിലും ജീവിതരീതിയിലും അങ്ങനെത്തന്നെ. എന്നാൽ എല്ലാ മതത്തിലും രക്ഷയുണ്ടെന്നും എല്ലാ ദേവന്മാരും ദൈവങ്ങളാണെന്നും കൊട്ടിഘോഷി ക്കുന്ന ഹിന്ദുക്കൾ എന്നവകാശപ്പെടുന്നവർ ക്രിസ്ത്യാനികളെ അടിച്ച മർത്താനും ആക്രമിക്കാനും ഒരുമ്പെടുന്നത് വിരോധാഭാസമല്ലേ?

ഭാരതത്തിൽ ഇന്നു പല ഭാഗങ്ങളിലും ക്രിസ്തീയപ്രവർത്തകരെ കയ്യേറ്റം ചെയ്യുന്നു. അവരുടെ പ്രചാരണോപാധികൾ നശിപ്പിക്കുന്നു. ബൈബിളും തത്സംബന്ധമായ സാഹിത്യകൃതികളും തീയിലിടുന്നു. ആരാ ധനാമന്ദിരങ്ങൾ കൊള്ളയടിക്കുന്നു. കാരുണ്യപ്രവർത്തനങ്ങൾ നടത്തുന്ന വരെ ചുട്ടുകരിക്കുന്നു. നിർബന്ധിച്ച് ക്രിസ്തുമതത്തിൽ ചേർക്കുന്നു എന്ന ദുഷ്പ്രചരണം നടത്തിയാണ് ഇതു ചെയ്യുന്നത്. എന്നാൽ ക്രിസ്തുമാർഗ്ഗം നിർബന്ധത്തിന്റെ മാർഗ്ഗമല്ല. ആരെയും നിർബന്ധിച്ച് ക്രിസ്ത്യാനികൾ ആക്കുന്നതാണ് ക്രിസ്തീയലക്ഷ്യമായിരുന്നതെങ്കിൽ ബ്രിട്ടീഷ് ഭരണകാ ലത്ത്, മറ്റു പല മതസ്ഥരായ ഭരണകർത്താക്കൾ ചെയ്തിട്ടുള്ളതുപോലെ, എത്രയേറെപ്പേരെ നാമധേയമായിട്ടെങ്കിലും ക്രിസ്ത്യാനികളാക്കാമായിരുന്നു.

എന്നാൽ സവർണ്ണഹിന്ദുക്കളുടെ അവഗണനയും അക്രമവും സഹി ക്കാൻ കഴിയാതെ അതിൽനിന്നു രക്ഷപ്പെടാൻ മാത്രമായി ക്രിസ്തുമാർഗ്ഗം സ്വീകരിക്കാൻ സമൂഹമായി സമീപിച്ചവരോട് അക്കാരണത്താൽ മാത്രം ക്രിസ്തുമാർഗ്ഗം സ്വീകരിക്കാൻ കഴിയില്ലെന്നും ക്രിസ്തുവിനെ സ്വമനസ്സാലേ ഹൃദയത്തിൽ അംഗീകരിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ക്രിസ്ത്യാനികളാ കാൻ കഴിയൂ എന്നു പറഞ്ഞ് മനസ്സിലാക്കുകയും അപ്പോൾത്തന്നെ ധാർ മ്മികമായ എല്ലാ പിന്തുണയും നൽകുകയും ചെയ്ത ചരിത്രമാണുള്ളത്.

സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പ്രവർത്തനങ്ങൾ ചെയ്യുന്ന ക്രിസ്തീയസന്യാസിമാരും സന്യാസിനികളും മറ്റു ക്രിസ്തീയപ്രവർത്തകരും

പല സ്ഥലങ്ങളിലായി ആക്രമിക്കപ്പെടുന്നു. തിരിച്ചാക്രമിക്കുവാൻ പ്രമാണ മില്ലാത്ത അവർ അതെല്ലാം സഹിക്കുന്നു. ഇങ്ങനെ ഒരക്രമവും ചെയ്യാൻ മുതിരാത്തവരെ ആക്രമിക്കുന്നത് ഭീരുത്വമല്ലേ? ആയുധധാരികളായി വന്ന് ഈ പാവപ്പെട്ടവരെ ആക്രമിച്ച് കൊള്ളയടിച്ച് തങ്ങൾ വീരപരാക്രമികളാ ണെന്നു അഭിമാനിക്കുന്നവർ ഭീരുക്കളല്ലാതെ മറ്റെന്താണ്?

വർഗ്ഗീയചിന്താഗതിക്കാരായ പല നേതാക്കന്മാരും വർഗ്ഗീയവിദ്വേഷം ഉണ്ടാക്കുന്ന പ്രസംഗങ്ങൾ ചെയ്തശേഷം അക്രമങ്ങൾ ഉണ്ടാകുമ്പോൾ അത് തങ്ങളുടെ ആളുകൾ ചെയ്തതല്ലെന്നും സാമൂഹ്യദ്രോഹികൾ ചെയ്യു ന്നതാണെന്നും പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നു. അന്വേഷണക്കമ്മീ ഷനുകളെ സ്വാധീനിച്ച് അത്തരം റിപ്പോർട്ടുകൾ പുറത്തുവിടുന്നു. ഇത് കേവലം ഭീരുത്വവും വഞ്ചനയുമാണ്.

ക്രിസ്തുമാർഗ്ഗത്തിന്റെ ആശയങ്ങൾ തങ്ങളുടെ ആശയത്തിന് എതി രാണെങ്കിൽ അവയെ ആശയങ്ങൾ കൊണ്ടാണ് നേരിടേണ്ടത്. അക്രമ ങ്ങൾകൊണ്ടല്ല. ആശയം കൊണ്ട് എതിരിടാൻ കഴിയാത്തതുകൊണ്ടാണ് അക്രമമാർഗ്ഗം സ്വീകരിക്കുന്നത്. ഇത് തികഞ്ഞ ഭീരുത്വമാണ്. സ്വാമി വിവേ കാനന്ദൻ, മഹാത്മാഗാന്ധി, ശ്രീരാമകൃഷ്ണപരമഹംസർ, ശ്രീനാരായണ ഗുരു എന്നിവർ ഹിന്ദുമതത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത് അക്രമ ങ്ങൾകൊണ്ടല്ല.

അക്രമങ്ങൾകൊണ്ടും അടിച്ചമർത്തൽകൊണ്ടും ക്രിസ്തുമാർഗ്ഗം ഇല്ലാ താക്കുവാൻ കഴിയില്ല. നിഷ്ഠൂരന്മാരായ നീറോ ചക്രവർത്തിമാർ പോലും എല്ലാവിധ അക്രമവും അഴിച്ചുവിട്ട് ഈ മാർഗ്ഗത്തെ ഇല്ലാതാക്കുവാൻ ശ്രമി ച്ചു. പക്ഷേ ആ രാജ്യങ്ങളെല്ലാം ഇപ്പോൾ ക്രിസ്തീയരാജ്യങ്ങളാണെന്ന് ഓർക്കുന്നത് നന്നായിരിക്കും. അക്രമങ്ങൾകൊണ്ട് ക്രിസ്തുമാർഗ്ഗത്തെ നിർമ്മൂലമാക്കാമെന്നു കരുതുന്നവർ ആ വ്യാമോഹം ഉപേക്ഷിക്കുകയാണ് നല്ലത്. ❍

## പ്രതികരണങ്ങൾ അറിയിക്കുക

**മാന്യവായനക്കാരുടെ പ്രതികരണങ്ങളെ ഞങ്ങൾ അങ്ങേയറ്റം വിലമതി ക്കുന്നു. അതുകൊണ്ടുതന്നെ ആ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാ തോർക്കുന്നു. ഞങ്ങളുടെ വായനക്കാർ ഈ മാസികയിലെ വിഭവങ്ങളെ എങ്ങനെ നോക്കിക്കാണുന്നുവെന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴി യുന്നത് വായനക്കാരുടെ പ്രതികരണങ്ങളിൽ നിന്നാണ്. അതുകൊണ്ട് പ്രതികരണങ്ങൾ അറിയിക്കുക. വായനക്കാരുടെ പ്രതികരണങ്ങൾ മാ സികയിൽ പ്രസിദ്ധീകരിക്കുവാൻ പരമാവധി ശ്രമിക്കുന്നതാണ്.** (എഡിറ്റർ)

# റോമർ 16–ാം അദ്ധ്യായത്തിലെ ദൈവമക്കൾ

3

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**4. എപ്പൈനത്തൊസ്**

*"....ആസ്യയിൽ ക്രിസ്തുവിനു ആദ്യഫലമായി എനിക്കു പ്രിയനായ എപ്പൈനത്തൊസിനു വന്ദനം ചൊല്ലുവിൻ" (റോമർ 16:5)*

എപ്പൈനത്തൊസിനെക്കുറിച്ച് ഈ ഒരൊറ്റ വാക്യം മാത്രമേ ബൈബിളിലുള്ളൂ. ഈ വാക്യത്തിൽനിന്ന് അദ്ദേഹത്തെക്കുറിച്ച് മൂന്നു കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാൻ കഴിയും. (1) അവൻ ആസ്യക്കാരനാണ്; (2) അവൻ ആസ്യയിലെ ആദ്യഫലമാണ്; (3) അവൻ പൗലൊസിനു പ്രിയപ്പെട്ടവനാണ്.

**1. അവൻ ആസ്യക്കാരനാണ്**

'ആസ്യയിൽ' എന്നു ഇംഗ്ലീഷ് ബൈബിളായ RSV (Revised Standard Version) തർജ്ജമ ചെയ്തിരിക്കുന്നുവെങ്കിലും, മറ്റൊരു ഇംഗ്ലീഷ് ബൈബിളായ KJV (King James Version) തർജ്ജമ ചെയ്തിരിക്കുന്നത് 'അഖായയിൽ' എന്നാണ്. ആധികാരികമായ ഇംഗ്ലീഷ് തർജ്ജമ KJV യാണ് എന്നു പലരും വിചാരിക്കുന്നതുകൊണ്ട്, എപ്പൈനത്തൊസ് അഖായയിലെ ആദ്യവിശ്വാസി (ആദ്യഫലം) യാണെന്നും ആസ്യയിലേത് അല്ലെന്നും ധാരാളം പഠിതാക്കൾ ചിന്തിക്കുന്നു.

അഖായയിലെ ആദ്യഫലം സ്തെഫാനോസിന്റെ കുടുംബമാണെന്നു പൗലൊസ് 1 കൊരിന്ത്യർ 16:15 ൽ പറയുന്നതുമായി താരതമ്യം ചെയ്തുകൊണ്ട്, എപ്പൈനത്തൊസ് സ്തെഫാനോസിന്റെ കുടുംബക്കാരനാണെന്നും ഇക്കൂട്ടർ ചിന്തിക്കുന്നു. സ്തെഫാനോസിന്റെ കുടുംബത്തിൽ എപ്പൈനത്തൊസ് ആദ്യമായി രക്ഷിക്കപ്പെട്ടുവെന്നും പിന്നെ സ്തെഫാനോസ് അടക്കം ബാക്കിയുള്ളവർ രക്ഷിക്കപ്പെട്ടുവെന്നുമാണ് ഇവരുടെ വ്യാഖ്യാനം. KJV തർജ്ജമയിൽ 'അഖായയിൽ' എന്നു കാണുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ വ്യാഖ്യാനങ്ങളെല്ലാം.

എപ്പൈനത്തൊസ് ആസ്യയിലെ ആദ്യവിശ്വാസിയാണോ അതോ അഖായയിലെ ആദ്യവിശ്വാസിയാണോ എന്ന തർക്കം ഏറ്റുപിടിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും എന്തുകൊണ്ട് ഈ വ്യത്യാസം വന്നു എന്നു ഒരു അന്വേഷണം നടത്തുന്നത് നല്ലതാണ്. ഡെസഡീരിയസ് ഇറാസ്മസ് (Desiderius Erasmus) എന്ന ഡച്ചുകാരനായ കത്തോലിക്കാപുരോഹിതൻ തിരക്കിട്ട് തയ്യാറാക്കിയ ഗ്രീക്ക്പുതിയനിയമം ആണ് *ടെക്റ്റസ് റിസെപ്റ്റസ്* (Textus Receptus). അത് 1516 ൽ പ്രസിദ്ധീകരിച്ചു. അതിൽ അഖായ എന്നാണ് കൊടുത്തിരിക്കുന്നത്. 1611 ൽ KJV തയ്യാറാക്കിയവർ പുതിയനിയമത്തിന്റെ തർജ്ജമയ്ക്കായി അടിസ്ഥാനഗ്രന്ഥമായി എടുത്തത് ഈ *ടെക്റ്റസ് റിസെപ്റ്റസ്* ആയിരുന്നു. ഇതാണ് വ്യത്യാസത്തിനു കാരണം.

**2. അവൻ ആസ്യയിലെ ആദ്യഫലമാണ്**

ആസ്യയിലെ ആദ്യവിശ്വാസിയാണ് എപ്പൈനത്തൊസ്. ആസ്യയിൽ പിൽക്കാലത്ത് വളരെ സഭകൾ ഉണ്ടായി. ധാരാളം വിശ്വാസികൾ ഉണ്ടായി. പക്ഷേ ആദ്യത്തെ വിശ്വാസി എപ്പൈനത്തൊസ് ആണ്. ഒരാൾ പോലും ക്രിസ്ത്യാനിയായി ഇല്ലാത്ത സ്ഥലത്ത്, സുവിശേഷം കേട്ട് വിശ്വസിച്ച്, സ്നാനപ്പെട്ട് ഒരാൾ ധീരതയോടെ മുന്നോട്ടു വരുന്നു. ഒരു പക്ഷേ പലരും ഇദ്ദേഹത്തിന്റെ പേര് അത്രയധികം ശ്രദ്ധിച്ചിട്ടുണ്ടാവണമെന്നില്ല. പക്ഷേ ദൈവകൃപയുടെ പിൻബലത്തിൽ ധീരത കാണിച്ച ഈ വിശ്വാസിയെ നാം ശ്രദ്ധിക്കുക തന്നെ വേണം. എത്രയെത്ര ആളുകൾ സുവിശേഷം കേട്ട്, സത്യം മനസ്സിലാക്കിയിട്ടും, മുന്നോട്ടു വരാൻ ധൈര്യമില്ലാതെ ഭീരുക്കളായി നിൽക്കുന്നു.

വിവാഹം കഴിയോ? മരിച്ചാൽ എവിടെ കുഴിച്ചിടും? ആരാണ് നേതാവ്? എവിടെയാണ് നിങ്ങളുടെ ഹെഡ്ക്വാർട്ടേഴ്സ്? നിങ്ങൾ എത്ര പേരുണ്ട്?.... എത്രയെത്ര ചോദ്യങ്ങൾ... എപ്പൈനത്തൊസ് ഇതൊന്നും ചോദിച്ചില്ല. അവനുവേണ്ടി യേശു കുരിശിൽ മരിച്ചു എന്നും, അവനുവേണ്ടി യേശു ഉയിർത്തെഴുന്നേറ്റു എന്നും, അവനുവേണ്ടി ഇന്നും ജീവിക്കുന്നു എന്നും, അവനെ ചേർത്തുകൊൾവാൻ ഈ യേശു വീണ്ടും വരുമെന്നും അവൻ കേട്ടു. എന്നെ ഇത്രമാത്രം ഒരാൾ സ്നേഹിച്ചുവോ എന്ന ചിന്ത അവനെ വികാരം കൊള്ളിച്ചു. അവന്റെ അകത്തളങ്ങളിൽനിന്നും അവൻ യേശുവിനെ വിളിച്ചു – എന്റെ കർത്താവേ!

ആസ്യയിലെ ആദ്യഫലം! അവിശ്വാസികൾ തിങ്ങിനിറഞ്ഞ – അവിശ്വാസികൾ മാത്രം തിങ്ങിനിറഞ്ഞ ഒരു പ്രദേശത്ത് ഒരാൾ ക്രിസ്തുവിനെ പിൻപറ്റാൻ തീരുമാനിക്കുന്നു! ഒറ്റയ്ക്ക്! ആ തീരുമാനത്തോടെ അവൻ മുന്നോട്ടു വന്നപ്പോൾ അവനെപ്പോലും അതിശയിപ്പിച്ച് അനേകർ യേശു

വിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു മുന്നോട്ടുവന്നു. ഒരു തുട ക്കമാകാൻ അവനു ലഭിച്ച അവസരം അവൻ ധൈര്യത്തോടെ ഉപയോഗിച്ച തുകൊണ്ടുണ്ടായ നേട്ടം നോക്കുക. ഹാ! ദൈവത്തിന്റെ കൃപ!

കൊട്ടേക്കാട് എന്ന പ്രദേശത്തെ ആദ്യഫലം ഈ ലേഖനമെഴുതുന്ന ഞാനാണ്. എന്റെ തറവാട്ടിൽ, എന്റെ കുടുംബത്തിൽ, ഞാനാണ് ആദ്യഫ ലം. 1987 ൽ 17 വയസ്സു മാത്രമുള്ളപ്പോൾ, ഒറ്റയ്ക്ക് ഒരു പ്രദേശത്ത്നിന്നു മുന്നോട്ടു വന്നപ്പോൾ ഞാൻ അനുഭവിച്ച മാനസികസമ്മർദ്ദം എത്രയെന്നു എനിക്ക് നന്നായി അറിയാം. എങ്കിൽ ക്രിസ്തുവിനെക്കുറിച്ച് അത്രയധികം കേട്ടിട്ടില്ലാത്ത ആ നാളുകളിൽ, വിസ്തൃതമായ ഒരു പ്രദേശത്തുനിന്നു ആദ്യ മായി ഒരാൾ, ഒറ്റയ്ക്ക് കർത്താവിനുവേണ്ടി മുന്നോട്ടുവരുമ്പോൾ അദ്ദേഹം അനുഭവിച്ച മാനസികസംഘർഷം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. പക്ഷേ ദൈവം അവനെ നിലനിർത്തി. എന്നെയും!

പല ദുഃഖങ്ങൾ നമ്മെ പൊതിയുമ്പോൾ ഇത്തരം കാര്യങ്ങൾ ഓർത്തു പുഞ്ചിരി പൊഴിക്കാൻ നമുക്കു കഴിയണം. എന്തുകൊണ്ടെന്നാൽ അനേകം ആളുകളുടെ ഇടയിൽനിന്നുമാണ് കൃപയാൽ നാം വേർതിരിഞ്ഞുവന്നത്. ദൈവം നമ്മെ വിളിച്ചു വേർതിരിച്ചതായിരുന്നു എന്നു നാം പിന്നീട് തിരിച്ച റിയുകയും ചെയ്തു. ദൈവത്തിനു സ്തോത്രം.

### 3. അവൻ പൗലൊസിനു പ്രിയപ്പെട്ടവനാണ്

എപ്പൈനത്തൊസ് ആദ്യഫലമാവുക മാത്രമല്ല, പൗലൊസിനു പ്രിയ പ്പെട്ടവനായി തുടരുകയും ചെയ്തു. അതായത് വിശ്വാസത്തിൽ ഉറച്ചുനി ന്നു. ആരംഭശൂരത്വം കാണിക്കുന്ന ചിലരുണ്ട്. കാടിളക്കി, നാടിളക്കി ഒരു വരവുണ്ട്. അതുകഴിഞ്ഞാൽ പിന്നെ തീർന്നു. തണുത്തുറഞ്ഞു. വേറെ ചിലർ വൈറസുകളെപ്പോലെയാണ്. ചില സീസണുകളിൽ മാത്രം സജീവമാകും. അതു കഴിഞ്ഞാൽ പിന്നെ അവരെ കാണണമെങ്കിൽ കുറെ കാലം കഴി യണം. മഞ്ഞുകഷണം പോലുള്ള വിശ്വാസികളുമുണ്ട്. ആകെ തണുപ്പ് ബാധിച്ചവർ. വിശ്വാസികളാണോ എന്നു ചോദിച്ചാൽ അതേ എന്നു മറുപടി. പക്ഷേ സഭയ്ക്കു വല്ല പ്രയോജനമുണ്ടോ എന്നു ചോദിച്ചാൽ....

എപ്പൈനത്തൊസിനെ ശ്രദ്ധിക്കുക. അവൻ ആരംഭം കുറിക്കുക മാത്ര മല്ല, വിശ്വസ്തതയോടെ അതിൽ നിലനിൽക്കുകയും ചെയ്തു. പ്രിയ ദൈവ ജനമേ, നാളിതുവരെ നമ്മിൽ പല വീഴ്ചകൾ വന്നിട്ടുണ്ടായിരിക്കാം. അതെല്ലാം തിരുത്തി നമുക്കു മുന്നോട്ടു കുതിക്കാം. വിശ്വസ്തതയോടെ ക്രിസ്തീയജീവിതം നയിക്കാം.

**(തുടരും)**

# ഹബക്കൂക് (പുസ്തകപഠനം)

8

**-എംവിഎസ്-**

**ഹബക്കൂക് 1:11**

*അന്നു അവൻ കാറ്റുപോലെ അടിച്ചുകടന്നു അതിക്രമിച്ച് കുറ്റക്കാരനായിത്തീരും; സ്വന്തശക്തിയല്ലോ അവനു ദൈവം.*

ബാബേൽ (കൽദയർ) യിസ്രായേൽമക്കൾക്കുനേരെ കാറ്റുപോലെ ആഞ്ഞുവീശും. ദൈവം തന്നെയാണ് അവരെ വരുത്തിയത്. സ്വന്തജനത്തെ അടിച്ചൊതുക്കാൻ ദൈവം അവരെ കൊണ്ടുവന്നതുകൊണ്ട് അവർ കുറ്റക്കാരല്ല. അവർ യിസ്രയേൽജനത്തിന് എതിരെ വന്നപ്പോഴോ, മണ്ണ് കുന്നിച്ച് അതിനെ പിടിച്ചപ്പോഴോ അവർ കുറ്റക്കാരല്ല. കാരണം ദൈവമാണ് അവരെ കൊണ്ടുവന്നത്.

പക്ഷേ അവർ കുറ്റക്കാരായിത്തീരും എന്നാണ് ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത്. എങ്ങനെ?

സ്വന്തശക്തിയല്ലോ അവനു ദൈവം. ഇവിടെയാണ് അവർ കുറ്റക്കാരായിത്തീരുന്നത്. ദൈവമാണ് അവനെ ഉണർത്തിയത് (1:6). ദൈവം ഒരാളെ ഉണർത്തിയാൽ, അത് ദൈവമാണ് ഉണർത്തിയത് എന്നു ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുക്കുന്നതാണ്. പാർസിരാജാവായ കോരെശിനെ ഉണർത്തിയപ്പോൾ ദൈവം അപ്രകാരം ചെയ്തിട്ടുണ്ട് (2 ദിനവൃത്താന്തം 36:22,23).

ദൈവം അവരെ കൊണ്ടുവന്നിട്ട് ഇപ്പോൾ അവർ അവകാശപ്പെടുന്നത്, സ്വന്തശക്തിയാലാണ് അതെല്ലാം സാധിച്ചത് എന്നാണ്. അഹങ്കാരത്തിന്റെ ആധിക്യംകൊണ്ട് അവർ ഇങ്ങനെയൊരു അവകാശവാദം ഉന്നയിച്ചതിലൂടെ അവർ ദൈവമുമ്പാകെ കുറ്റക്കാരായിത്തീർന്നു. ദൈവത്തിനു കൊടുക്കേണ്ട മഹത്വം സ്വയം എടുത്തു. ഗുരുതരമായ കുറ്റമാണത്.

നാം നേടിയതൊന്നും സ്വന്തമായി നേടിയതല്ല എന്നു എപ്പോഴും ഓർക്കണം. എല്ലാം ദൈവം തന്നതാണ്. നമ്മുടെ കഴിവുകൾ, പണം, കുടുംബം എല്ലാം ദൈവം തന്നതാണ്. നമ്മുടെ സ്വന്തം കഴിവുകൊണ്ട് നേടിയതാണെന്നു നാം അവകാശപ്പെട്ടാൽ നാം കുറ്റക്കാരായിത്തീരും. ദൈവം ചെയ്തുതന്ന കാര്യങ്ങൾ നാം ചെയ്തവയാണ് എന്നു പറയരുത്.

“സ്വന്തശക്തിയല്ലോ അവനു ദൈവം” എന്നത് പല ഇംഗ്ലീഷ്ബൈബിളുകളും തർജ്ജമ ചെയ്തിരിക്കുന്നത് മറ്റൊരു വിധത്തിലാണ്. “...they claim their power is from their gods” (The Living Bible) “അവരുടെ ശക്തി അവരുടെ ദൈവങ്ങളിൽനിന്നാണ് എന്നു അവർ അവകാശപ്പെടുന്നു” എന്നാണത്. KJV ഈ തർജ്ജമയെ ശരിവയ്ക്കുന്നുണ്ട്. അവന് ലഭിച്ച വിജയങ്ങളുടെ ക്രെഡിറ്റ് അവൻ അവന്റെ ദേവന്മാർക്ക് കൊടുത്തു! വാസ്തവത്തിൽ യഹോവയാണ് അവന് വിജയങ്ങൾ കൊടുത്തത്.

കൽദയരുടെ ദൈവങ്ങൾ ബേൽ, നെബോ എന്നിവരാണ് (യിരമ്യാവ് 51:44; യെശയ്യാവ് 46:1). യിസ്രായേലിന്റെ ദൈവമായ യഹോവ ചെയ്തുകൊടുത്ത കാര്യം അവന്റെ ദേവന്മാരായ ബേലും നെബോയും ആണ് ചെയ്തുകൊടുത്തത് എന്ന് അവൻ അവകാശപ്പെട്ടു. ദീർഘക്ഷമയുള്ള ദൈവം ഇനി വിട്ടുവീഴ്ച ചെയ്യില്ല. തന്റെ മഹത്വം മറ്റൊരുത്തനും വിട്ടുകൊടുക്കാൻ തയ്യാറല്ലാത്തവനാണ് ജീവനുള്ള ദൈവം (യെശയ്യാവ് 48:11). സ്വന്തജനമായ യിസ്രായേലിനെ കൽദയരുടെ കയ്യിൽ ഏല്പിച്ചത് ജീവനുള്ള ദൈവം ആയിരിക്കെ, വിഗ്രഹദൈവങ്ങളായ ബേലും നെബോവും ആണ് അങ്ങനെ ചെയ്തത് എന്നു കൽദയർ അവകാശപ്പെട്ടതോടുകൂടി അവരുടെ വിജയക്കുതിപ്പിനു സമാപനമായി.

ഈ ലോകത്തിൽ നിരവധി ആളുകൾ ഈ നിലയിൽ ശപിക്കപ്പെട്ടവരാണ്. ദൈവം ഒന്നേയുള്ളൂ. അത് ജീവനുള്ള ദൈവമാണ്. ഏതു ജാതിയിൽ പെട്ടവനായാലും ആ ജീവനുള്ള ദൈവത്തിൽനിന്നാണ് അനുഗ്രഹം ലഭിക്കുന്നത്. പക്ഷേ അന്ധകാരത്താൽ അകക്കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട വിഗ്രഹാരാധികൾ, ദൈവം ചെയ്തുകൊടുത്ത കാര്യങ്ങൾ ആസ്വദിച്ചുകൊണ്ട് അതിന്റെ ക്രെഡിറ്റ് അവരുടെ വിഗ്രഹങ്ങൾക്ക് കൊടുക്കുന്നു. അനഗ്രഹിക്കുന്നവനോടല്ല നന്ദി പറയുന്നത്!

### ഹബക്കൂക് 1:12

*എന്റെ ദൈവമായ യഹോവേ, നീ പുരാതനമേ എന്റെ പരിശുദ്ധനല്ലയോ? ഞങ്ങൾ മരിക്കയില്ല; യഹോവേ, നീ അവനെ ന്യായവിധിക്കായി നിയമിച്ചിരിക്കുന്നു; പാറയായുള്ളോവേ, ശിക്ഷയ്ക്കായി നീ അവനെ നിയോഗിച്ചിരിക്കുന്നു.*

**‘പുരാതനമേ’**

ഈ ദൈവം പുരാതനമേയുള്ളതാണ്. മനുഷ്യൻ ഉണ്ടായ കാലം മുതൽ നാം ഈ ദൈവത്തെ അറിയുന്നു. അബ്രാഹാം സംസാരിച്ചതും വിളിച്ചപേക്ഷിച്ചതും ഇതേ ദൈവത്തെ തന്നെയാണ്. അന്നില്ലാത്ത ചില

ദൈവങ്ങൾ പിന്നീട് ഉണ്ടായി. ഒരിക്കൽ ഉണ്ടായിരുന്ന പല ദൈവങ്ങ ളെയും ഇപ്പോൾ കാണാനുമില്ല. ഇവിടെ പണ്ട് കാറ്റും തീയുമൊക്കെയാ യിരുന്നു ദൈവങ്ങൾ!

**'പരിശുദ്ധനല്ലയോ'**

പരിശുദ്ധനായ ദൈവമാണ് യഥാർത്ഥ ദൈവം. ഭൂമിയിൽ പലരും വിളിച്ചപേക്ഷിക്കുന്ന ദൈവങ്ങൾ ചെയ്തതായി അവരുടെ ഭക്തന്മാർ പറ യുന്ന പ്രവൃത്തികൾ തന്നെ നോക്കിയാൽ മതി – എത്രമാത്രം അശുദ്ധി നിറഞ്ഞവയാണ് ആ ദൈവങ്ങൾ എന്നു മനസ്സിലാക്കാൻ. നമ്മുടെ ദൈവം യാതൊരു അശുദ്ധിയും ഇല്ലാത്തവനാണ്. മാത്രമല്ല, യാതൊരു അശു ദ്ധിയും ഇഷ്ടപ്പെടാത്തവനുമാണ്.

**'പാറയായുള്ളോവേ'**

പാറ ശക്തിയെ കാണിക്കുന്നു. ദൈവം സർവശക്തനാണ്. ഏതെ ങ്കിലും സമയങ്ങളിൽ/സന്ദർഭങ്ങളിൽ ദൈവം ബലഹീനനാകുന്നില്ല. ദൈവത്തിനു കഴിയാത്ത യാതൊരു കാര്യവുമില്ല.

മേല്പറഞ്ഞ മൂന്നു ഗുണങ്ങളും വേറെ ഏതു ദൈവത്തിനുണ്ട്? പുരാ തനമേയുള്ളതും പരിശുദ്ധനും പാറയുമായ ദൈവം!

**'ഞങ്ങൾ മരിക്കയില്ല'**

'ഞങ്ങൾ' (യിസ്രയേൽജനം) നശിക്കയില്ല; പക്ഷേ 'അവൻ' (കൽദ യർ) നശിക്കും. കാരണം അവനെയാണ് ശിക്ഷിക്കപ്പെടാനായി നിയോഗി ച്ചിരിക്കുന്നത്. ദൈവം യിസ്രായേൽജനത്തെ കൽദയരുടെ കയ്യിൽ ഏൽപ്പിക്കുമെങ്കിലും, യിസ്രായേൽജനം നശിച്ചുപോവുകയില്ല. വലിയ ദൈവക്രോധം ഏറ്റുവാങ്ങാൻ പോകുന്നത് കൽദയരാണ്. യഥാർത്ഥ ദൈവത്തെ അവർ തിരിച്ചറിഞ്ഞില്ല എന്നതു തന്നെയാണ് അവരുടെ തെറ്റ്. ആ ദൈവത്തിന്റെ ശക്തിയും മാഹാത്മ്യവും മനസ്സിലാക്കിയിട്ടും അംഗീകരിക്കാൻ അവർക്കു മനസ്സ് വന്നില്ല.

പ്രിയ ദൈവജനമേ, ശിക്ഷയുടെയും തിരുത്തുന്നതിന്റെയും ഭാഗമായി ചിലപ്പോൾ ദൈവം തന്റെ ദണ്ഡ് നമ്മുടെ നേരെ ഓങ്ങിയെന്നു വരും. ഉടനെ ദൈവത്തിനെതിരെ പിറുപിറുക്കാതെ നമ്മുടെ ഭാഗത്തുള്ള തെറ്റ് നാം പരിശോധിക്കാനും തിരുത്താനും തയ്യാറാവണം. നമ്മെ നശിപ്പിക്കുക എന്നതല്ല ദൈവത്തിന്റെ പദ്ധതി. നാം ദൈവത്തിന്റെ ഹിതത്തിന് അനുസ രിച്ച് ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനായി ദൈവം പല നിലകളിൽ നമ്മോടു ഇടപെടുന്നു.

**(തുടരും)**

# 31 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *കൊല്ലരുത് എന്നു ദൈവം കല്പിച്ചു. ആരെ കൊല്ലരുതെന്നാണ് ദൈവം ഉദ്ദേശിച്ചത്? ദാവീദും മറ്റുള്ളവരും പലരെയും കൊന്നിട്ടുണ്ടല്ലോ. അപ്പോൾ എന്താണ് ദൈവം ഉദ്ദേശിച്ചത്?*

**മറുപടി:**

കൊല്ലരുത് എന്നു ദൈവം കല്പിച്ചു. ആരെ കൊല്ലരുതെന്നാണ് ദൈവം ഉദ്ദേശിച്ചത് എന്നു ചോദിച്ചാൽ ആരെയും കൊല്ലരുത് എന്നുതന്നെയാണ് ദൈവം ഉദ്ദേശിച്ചത്. ദാവീദ് ഗോലിയാത്തിനെ കൊന്നത് നല്ല ഒരു കാര്യം എന്ന നിലയിലാണ് നാം മനസ്സിലാക്കുന്നത്; അതേ സമയം ദാവീദ് ഊരിയാവിനെ കൊല്ലിച്ചത് ദുഷ്ടകാര്യമായിട്ടാണ് ബൈബിൾ വ്യക്തമാക്കുന്നത്. ഒരാൾ തന്നെ ചെയ്ത രണ്ടു കൊലപാതകങ്ങളിൽ ഒന്ന് ന്യായീകരിക്കപ്പെടുകയും അടുത്തത് വിമർശിക്കപ്പെടുകയും ചെയ്തു. എന്തുകൊണ്ട്?

ഗോലിയാത്തിന്റെ കൊലപാതകം ദൈവേഷ്ടപ്രകാരമുള്ളതായിരുന്നു. രണ്ടാമത്തേത് (ഊരിയാവിന്റേത്) ദൈവഹിതപ്രകാരമുള്ളതായിരുന്നില്ല. ശപഥാർപ്പിതവസ്തു മോഷ്ടിച്ച ആഖാനെ കല്ലെറിഞ്ഞുകൊല്ലുവാൻ ദൈവം കല്പിച്ചു. ജനം അത് അനുസരിക്കുകയും ചെയ്തു. ആ കൊലപാതകം ഒരു തെറ്റായി ബൈബിൾ ചിത്രീകരിക്കുന്നില്ല. ലേവ്യാപുസ്തകത്തിലും മറ്റും പലരെയും കൊന്നുകളയാൻ ദൈവം കല്പിച്ചതായി നാം കാണുന്നുണ്ട്.

കൊല്ലരുത് എന്നു കല്പിച്ച ദൈവം ചില സന്ദർഭങ്ങളിൽ കൊല്ലുവാൻ കല്പിച്ചു. ആ സന്ദർഭങ്ങളിൽ മാത്രം ആ കൊലപാതകങ്ങൾ തെറ്റാകുന്നില്ല. അല്ലാത്ത അവസരങ്ങളിലെല്ലാം അത് തെറ്റ് തന്നെയാണ്. കോടതിയിൽ ജഡ്ജി എല്ലാവരോടും മിണ്ടാതിരിക്കാൻ ആവശ്യപ്പെടുന്നു. അന്നേരം ആരെങ്കിലും മിണ്ടിയാൽ ശിക്ഷിക്കപ്പെടും. അതേ ജഡ്ജി തന്നെ ചിലരോട് സംസാരിക്കാൻ പറയുന്നു. അപ്പോൾ അവർക്ക് സംസാരിക്കാം. ഇതുപോലെത്തന്നെയാണ് കൊലപാതകത്തിന്റെ കാര്യവും. ദൈവം അനുവദിച്ചിട്ടുള്ള കൊലപാതകങ്ങൾ ബൈബിൾപ്രകാരം ന്യായീകരിക്കപ്പെടുന്നവയാണ്.

ഫീനെഹാസ് നടത്തിയ കൊലപാതകത്താൽ അവനും യിസ്രായേൽജനവും അനുഗ്രഹിക്കപ്പെടുകയും (സംഖ്യ 25:6), അതേസമയം ദാവീദ് നടത്തിയ കൊലപാതകത്താൽ അവൻ ശിക്ഷിക്കപ്പെടുകയും ചെയ്തു. ഊരി

യാവിനെയും കൂടെയുണ്ടായിരുന്ന പടയാളികളെയും കൊല്ലിച്ചതു നിമിത്തം ദൈവാലയത്തിന്റെ പണി ദാവീദ് ചെയ്യേണ്ടതില്ലെന്ന് ദൈവം കല്പിച്ചു. കുറ്റമില്ലാത്ത രക്തം ചിന്നിയ കൈകൾകൊണ്ട് എന്റെ ആലയം പണിയേണ്ട എന്ന നിലപാട് ദൈവം പ്രഖ്യാപിച്ചു.

### ഇപ്പോഴുള്ള നിയമം

മേല്പറഞ്ഞ കാര്യങ്ങളെല്ലാം ബൈബിളിലെ പഴയനിയമവുമായി ബന്ധപ്പെട്ടവയാണ്. **ഇക്കാലത്ത് ഇക്കാര്യങ്ങളിൽ വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്; അഥവാ ദൈവം വരുത്തിയിട്ടുണ്ട്. ഇപ്പോൾ ആരെയും യാതൊരു കാരണവശാലും കൊല്ലാൻ ദൈവം അനുവദിക്കുന്നില്ല.** കൊല്ലരുത് എന്ന നിയമം സമ്പൂർണ്ണമായി, വ്യവസ്ഥകൾ ഇല്ലാതെ, പാലിക്കാൻ ഇന്നത്തെ ദൈവജനം (ക്രിസ്ത്യാനികൾ) ബാധ്യസ്ഥരാണ്. ഏതൊരു തരത്തിലുള്ള ന്യായീകരണങ്ങളും ഇന്ന് കൊലപാതകത്തിനില്ല. അതുകൊണ്ട് ക്രിസ്ത്യാനികളാരും വാൾ വീശുകയോ ബോംബ് എറിയുകയോ ചെയ്യുന്നില്ല. മതത്തിന്റെ പേരിലുള്ള രക്തച്ചൊരിച്ചിലുകളുടെ കണക്കുകൾ നോക്കിയാൽ ക്രിസ്ത്യാനികളുടെ നാമം അതിൽ കാണുകയില്ല.

കൊന്നും രക്തം ചിന്നിയും വളർന്നവരല്ല ക്രിസ്ത്യാനികൾ. അവർ പലപ്പോഴും കൊല്ലപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്. അതിന് പകരം ചോദിക്കാൻ ആരും ചെല്ലാറുമില്ല. ഗ്രഹാംസ്റ്റെയിൻസിനെയും അദ്ദേഹത്തിന്റെ ഓമനത്തം വിട്ടുമാറാത്ത രണ്ട് ആൺകുഞ്ഞുങ്ങളെയും ജീവനോടെ കത്തിച്ച് കരിക്കട്ടയാക്കി മാറ്റിയത് നമ്മുടെ ഇന്ത്യയിലാണ്. 1999 ജനുവരിയിൽ നടന്ന ഈ സംഭവത്തിൽ ഇന്നു വരെ പകരം ചോദിച്ചുകൊണ്ട് ഒരു മറുപടി ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. എന്തിനധികം! പ്രതിഷേധകസൂചകമായി ഒരു ഹർത്താൽ പോലും നമ്മുടെ രാജ്യത്ത് നടത്തിയിട്ടില്ല.

''വാൾ ഉറയിലിടുക; വാൾ എടുക്കുന്നവർ ഒക്കെയും വാളാൽ നശിച്ചുപോകും'' (മത്തായി 26:52) എന്നു പറഞ്ഞ യേശുക്രിസ്തുവിനെ പിൻപറ്റുന്നവരാണ് ക്രിസ്ത്യാനികൾ. എത്ര പ്രകോപനമുണ്ടായാലും ആയുധം കയ്യിലേന്താൻ അവർക്കു അനുവാദമില്ല. അതുകൊണ്ട് രക്തസാക്ഷികളായിത്തീർന്നിട്ടുള്ള ക്രിസ്ത്യാനികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ആരെയും അമ്പരിപ്പിക്കുന്നതാണ്.

കൊന്നുകൊണ്ട് വളർച്ച പ്രാപിച്ച മതങ്ങളുടെയും രാഷ്ട്രീയപാർട്ടികളുടെയും സംഘടനകളുടെയും മദ്ധ്യത്തിൽ, കൊല്ലപ്പെട്ടുകൊണ്ട് വളർച്ച പ്രാപിച്ച സമൂഹമാണ് ക്രിസ്ത്യാനികൾ. കൊല്ലപ്പെടുന്തോറും അവർ ഇല്ലാതാവുകയായിരുന്നില്ല; പെരുകുകയായിരുന്നു.

# ഇമ്മാനുവിന്റെ സംശയങ്ങൾ 38

## എംവിഎസ്

## ലിംഗസമത്വം!

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

നാലാംക്ലാസ്സിൽ പഠിക്കുന്ന എന്റെ മോൻ ഇമ്മാനു സംശയത്തിന്റെ ഒരു പൊതിക്കെട്ടാണ്. അന്ത്രോസ് ബ്രദറാണ് അവന്റെ ഹീറോ. അന്ത്രോസ്ബ്രദറിനെ കിട്ടിയാൽ പിന്നെ അവന്റെ സംശയത്തിന്റെ മുല്ലപ്പെരിയാറ് പൊട്ടും.

''അന്ത്രോസങ്കിൾ, സ്കൂളിൽ ലിംഗസമത്വം വേണം എന്നു പറഞ്ഞാൽ എന്താ അർത്ഥം?''

എന്റെ ഭാര്യയുടെ, അതായത് അവന്റെ അമ്മയുടെ വായിൽ നിന്നും ''കർത്താവേ'' എന്നൊരു അർദ്ധനിലവിളിശബ്ദം പുറപ്പെട്ടു.

അവൾ എന്നോട് അലറി: "ചെക്കന്റെ വായ് പൊത്ത്... അവൻ ദേവൃത്തികേടുകൾ ചോദിക്കുന്നു."

ബെസ്റ്റ് ഭാര്യ! ലിംഗസമത്വം എന്ന വാക്ക് അസഭ്യമാണെന്നു ചിന്തിച്ചുപോയ, അത്രേം വിവരമില്ലാത്ത അവളുടെ മോനാണ് ഈ ഇമ്മാനു. പിന്നെ എങ്ങനെ അവൻ ഗുണം പിടിക്കും?

"ഇമ്മാനു..." അന്ത്രോസ്ബ്രദർ പണ്ഡിതനെപ്പോലെ മറുപടി പറയാൻ തുടങ്ങിക്കഴിഞ്ഞു.

"ലിംഗസമത്വം എന്നു പറഞ്ഞാൽ എന്താണെന്നു ഞാൻ വിശദീകരിക്കാം. ആണ്, പെണ്ണ് എന്ന വ്യത്യാസം ഇല്ലാത്ത അവസ്ഥയാണത്. ആൺകുട്ടികൾക്ക് ഒരു വേഷം, പെൺകുട്ടികൾക്ക് മറ്റൊരു വേഷം... അതു പാടില്ല. രണ്ടു കൂട്ടർക്കും ഒരേ യൂണിഫോം വേണം."

"കൊള്ളാമല്ലോ..." ഇമ്മാനുവിന്റെ മുഖത്ത് സന്തോഷം.

"അതായത്..." അന്ത്രോസ്ബ്രദർ തുടർന്നു: ''ആൺകുട്ടികളുടെ വസ്ത്രം തന്നെ പെൺകുട്ടികളും ധരിക്കണം. രണ്ടു കൂട്ടരും പാന്റ്സും ഷർട്ടും. അപ്പോൾ വസ്ത്രത്തിൽ ലിംഗസമത്വം ആയി."

''അന്ത്രോസങ്കിൾ എനിക്കൊരു സംശയം."

ഞാനും ഭാര്യയും ഒന്നു ഞെട്ടി. ദേ അവന്റെ സംശയം!

"അന്ത്രോസങ്കിൾ, ആൺകുട്ടികളുടെ യൂണിഫോം പെൺകുട്ടികൾ ധരിച്ചാൽ മാത്രമേ ലിംഗസമത്വം ആവുകയുള്ളോ? പെൺകുട്ടികളുടെ യൂണിഫോം ആൺകുട്ടികൾ കൂടി ധരിക്കാൻ തുടങ്ങിയാലും ലിംഗസമത്വം ആവുകയില്ലേ? അതായത് എല്ലാവരും ചുരിദാർ ധരിച്ചു വരട്ടെ. അല്ലെങ്കിൽ എല്ലാവരും ഹാഫ് പാവാടയും ഷർട്ടും

ധരിച്ചുവരാലോ. എല്ലാ കുട്ടികളും പാവാടയും ഷർട്ടും ധരിച്ചാൽ വസ്ത്രത്തിൽ ലിംഗസമത്വം ആയില്ലേ, അന്ത്രോസങ്കിൾ?"

അന്ത്രോസ്ബ്രദർ ചെറുതായൊന്നു പരുങ്ങി. "ശരിയാ" എന്നു പതുക്കെ പറയുകയും ചെയ്തു.

"എന്തു ശരി?" എന്റെ ഭാര്യ ചെറുതായിട്ട് ചൂടാകുന്നതുപോലെ എനിക്കു തോന്നി. "ആൺപിള്ളേര് പാവാടയും ധരിച്ച്..."

"അതാണ് മമ്മീ ലിംഗസമത്വം..." ഇമ്മാനുവിന്റെ വിശദീകരണം. "ഒന്നു പറഞ്ഞുകൊട് പപ്പാ..." എന്നൊരു ഗുണദോഷം എനിക്കും.

ഞാൻ അവനെ സൂക്ഷിച്ചുനോക്കി. അവൻ അത് ശ്രദ്ധിക്കാത്തതുപോലെ അഭിനയിച്ചുകൊണ്ട് പറഞ്ഞു:

"പറ അന്ത്രോസങ്കിൾ. ഇനി എങ്ങനെയൊക്കെയാണ് ലിംഗസമത്വം നടപ്പാക്കുക?"

അന്ത്രോസ്ബ്രദർ നല്ല ആവേശത്തിൽ, തൊണ്ട മുരടി ശരിയാക്കി വീണ്ടും പറഞ്ഞുതുടങ്ങി:

"വസ്ത്രത്തിലെ ലിംഗസമത്വം കഴിഞ്ഞാൽ പിന്നെയുള്ളത് ഇരിപ്പിടത്തിലെ ലിംഗസമത്വം ആണ്. ആൺകുട്ടികൾക്ക് ഒരു സ്ഥലം, പെൺകുട്ടികൾക്ക് മറ്റൊരു സ്ഥലം എന്നു പാടില്ല. ആൺകുട്ടിയെന്നോ പെൺകുട്ടിയെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരുമിച്ചിരിക്കാം. അതാണ് ഇരിപ്പിടത്തിലെ ലിംഗസമത്വം."

ഇത്രയും കേട്ടപ്പോഴേക്കും നമ്മുടെ ഇമ്മാനുവിന്റെ വായിൽ നിന്നും "ഹായ്!" എന്നൊരു ശബ്ദം അറിയാതെ വന്നുപോയി. പെട്ടെന്നു സ്ഥലകാലബോധം വന്ന അവൻ അല്പം പരുങ്ങലോടെ എന്നെ നോക്കി.

"നീ എന്താടാ ഹായ് എന്ന് പറഞ്ഞത്?" എന്റെ ചോദ്യം അവന്റെ കരളിൽത്തന്നെയാണ് തറച്ചത് എന്നു അന്നേരമുള്ള അവന്റെ നിൽപ് കണ്ടപ്പോൾ എനിക്കു മനസ്സിലായി.

"അത്... പിന്നെ... പപ്പ...."

"നിന്നു ബബ്ബബ്ബ പറയാതെ കാര്യം പറയടാ.."

"അത്.. പിന്നെ..."

അവൻ നിന്നു പരുങ്ങിയപ്പോഴേക്കും എന്റെ ഭാര്യയുടെ അപ്രതീക്ഷിതമായ ആക്രമണം: "നിങ്ങടെ മോനല്ലേ... അവൻ ഹായ് എന്നു പറയും... പെമ്പിള്ളേരുടെ കൂടെ ഇരിക്കുന്നത് സ്വപ്നം കണ്ടതാ അവൻ..."

രംഗം മോശമാവുന്നതുകണ്ട അന്ത്രോസ്ബ്രദർ പെട്ടെന്നു ഇടപെട്ടു: "പോട്ടെ അതെല്ലാം വിട്... ഗവൺമെന്റ് ലിംഗസമത്വം നടപ്പിലാക്കാൻ ശ്രമിക്കുമായിരിക്കും. ഇനി ഇമ്മാനുവിന് വല്ല സംശയവുമുണ്ടോ?"

"ഉണ്ട്..." അവൻ അല്പം പതുക്കെയാണ് പറഞ്ഞത്.... "ടോയ്‌ലറ്റിൽ ലിംഗസമത്വം ഇല്ലേ?"

കഴുത്തിന്റെ പിന്നാമ്പുറത്ത് പെട്ടെന്ന് അടി കിട്ടിയവനെപ്പോലെ അന്ത്രോസ്ബ്രദർ ഒന്നു വട്ടംകറങ്ങി.

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th October 2022

Posted at
Thrissur RMS

**ആനുകാലികം**

## വരൂ, കടി ഫ്രീ

ചായ ഇല്ല. കടി മാത്രമേ ഉള്ളൂ. ഉണ്ടംപൊരിയും ഉഴുന്നുവടയുമൊന്നുമല്ല ആ കടി. പട്ടിയുടെ കടിയാണ് ഫ്രീയായി കേരളത്തിൽ എല്ലാവർക്കും കിട്ടിക്കൊണ്ടിരിക്കുന്നത്. പട്ടികടിയേറ്റ് പലരും മരിച്ചു. പലരും ഗുരുതരാവസ്ഥയിലായി. കുട്ടികൾക്ക് വഴിയേ പോകാൻ പറ്റാത്ത സ്ഥിതിയായി. കുട്ടികൾക്ക് മാത്രമല്ല മുതിർന്നവർക്കും ഇതു തന്നെ ഗതി!

നായയുടെയും പട്ടിയുടെയും കടിയിൽനിന്ന് കേരളത്തെ രക്ഷിക്കാൻ ബുദ്ധിരാക്ഷസന്മാർ ഒരു ഐഡിയ കണ്ടുപിടിച്ചു! വന്ധ്യകരണം! അതിന് കുറെ ലക്ഷങ്ങൾ പൊടിച്ചു. തങ്ങളെ ഷണ്ഡന്മാരാക്കിയതിന്റെ കലി വരെ ഇപ്പൊ അവറ്റകൾ നമ്മുടെമേൽ തീർക്കാൻ തുടങ്ങിയെന്നു തോന്നുന്നു. നായ്ക്കളെ വന്ധ്യകരണം നടത്തുന്നതിനെ എതിർത്തുകൊണ്ട് ഒരു പട്ടീടെ സ്നേഹിതനും മുന്നോട്ടുവന്നില്ല എന്നത് ആശ്വാസം.

പട്ടികടിക്കെതിരെ കോടതി നിശിതമായ ഭാഷയിൽ സംസാരിച്ചു, സർക്കാരും ഇതേക്കുറിച്ച് അങ്കലാപ്പിലാണ്. ഈ പ്രശ്നത്തിന് അറുതി വരുത്തുവാൻ സർക്കാരിന് ബാധ്യതയുണ്ടല്ലോ. പക്ഷേ പ്രശ്നം അതല്ല; ചില ശുനകസ്നേഹികൾ ഉണ്ട് – അങ്ങ് ഡെല്ലി വരെ. നായ ഭക്ഷണം കഴിച്ചാൽ ആ ഭക്ഷണം നായയുടെ വയറ്റിലേക്കാണ് പോകുന്നതെങ്കിലും, അത് ദഹിച്ചതിന്റെ അവശിഷ്ടം പുറത്തേക്കു പോകുന്നത് ഈ പട്ടിസ്നേഹികളുടെ വയറ്റിലൂടെയാണത്രേ! ❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V